**KERALA POLICE INFORMATION CENTRE**

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.134/PR/PIC/PHQ/14 Date : 26.06.2014

---

## അമിത പലിശ: ഒരാൾ അറസ്റ്റിൽ

അമിത പലിശയ്ക്ക് നിയമവിരുദ്ധമായി പണം കൊടുത്തു നിയമലംഘനം നടത്തുന്നവർക്കെതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് വ്യാഴാഴ്ച (26-06-2014) 38 റെയ്ഡുകൾ നടത്തിയതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. ഇതേത്തുടർന്ന് ഒരാൾ പോലീസ് പിടിയിലായി. ഒരു കേസ് രജിസ്റ്റർ ചെയ്തു. ഇതോടെ ഇതുവരെയായി അമിതപലിശക്കാർക്കെതിരെ നടന്ന 11263-ലേറെ റെയ്ഡുകളിലായി 895 -പേർ പിടിയിലായി. 1772 കേസുകൾ ആകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അമിത പലിശക്കാരെക്കുറിച്ചും അനധികൃത പണമിടപാടു സ്ഥാപനങ്ങളെക്കുറിച്ചും പോലീസ് നടത്തുന്ന അന്വേഷണത്തിന്റെയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരത്തിന്റെയും അടിസ്ഥാനത്തിലുള്ള കർശന പരിശോധന വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാനപോലീസ് മേധാവി അറിയിച്ചു.

*************